നം.സി1/8989/റ്റി.സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി: 27.08.2011

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്.- കൂടുതൽ സീറ്റുകൾ ഘടിപ്പിച്ച് വാഹനം ആൾട്ടർ ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:- 11.05.2011, 19.05.2011, 27.05.2011, 20.06.2011, 29.07.2011 തീയതികളിലെ ഇതേ നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കോൺട്രാക്റ്റ് കാരേജ് വാഹനങ്ങളിലുള്ള പുഷ് ബാക്ക് സീറ്റുകൾ ഇളക്കിമാറ്റി പകരം ആർ.സി.ബുക്കിലും, പെർമിറ്റിലും രേഖപ്പെടുത്തിയിരിക്കുന്ന സീറ്റിംഗ് കപ്പാസിറ്റിക്ക് വിരുദ്ധമായി അധികമായി സീറ്റുകൾ ഘടിപ്പിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കണമെന്നും സൂചന പ്രകാരമുള്ള കത്തുകളിലൂടെ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അധിക സ്ഥലമുള്ള വാഹനങ്ങളിൽ കൂടുതൽ സീറ്റ് ഘടിപ്പിക്കുന്നതിനും, ആയത് പ്രകാരമുള്ള ടാക്സ് അടയ്ക്കുന്നതിനും വാഹന ഉടമകൾ സ്വമേധയാ തയ്യാറായിവരുന്ന സാഹചര്യത്തിൽ വാഹനത്തിലെ സീറ്റിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതും നിയമപ്രകാരം പരിഗണിക്കേണ്ടതും, 1989-ലെ കേന്ദ്ര മോട്ടോർ വാഹനചട്ടം 126-നും, 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 267നും, എന്നിവയ്ക്കും അനുസൃതമായി നടപടികൾ കൈക്കൊള്ളാവുന്നതുമാണെന്ന് അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.

കെ